# <u>ശൈലപ്രഭാഷണം - സമാപ്തം</u>

(7)

## <u>അന്യാദൃശ്യ ഭാഷ്യങ്ങൾ</u>

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

നല്ല തരുക്കളിൽ നിന്നു ലഭിച്ചിടും
നല്ലതാം സ്വാദേറും കായ്കനികൾ
അല്ലാതെ കാണും തരുക്കൾ നമുക്കൊരു
നല്ലതാം കാഫലം നൽകിടുമോ?

കള്ളിമുള്ളെങ്ങിനെ മുന്തിരിങ്ങാ തരും ?
മുള്ളൻ ഞെരിഞ്ഞിലത്തിപ്പഴവും?
'കർത്താവേ'യെന്ന വിളികൊണ്ടൊരിക്കലും
എത്തിടില്ലാരുമുത്തുംഗ സ്വർഗേ.

താതന്റെയിഷ്ടമഭംഗം ചെയ്യുന്നവർ
താതന്നടുത്തെത്തും നിസ്സംശയം
അന്ത്യനാളെത്തിടും വേളയിലെത്രയു-
മന്തികെയെത്തിയവർ പറയും,

'നിൻ നാമത്താലെങ്ങൾ വീര്യം പ്രവർത്തിച്ചു
നിൻ നാമത്താലേറെയത്ഭുതവും,
ആകയാൽ ഞങ്ങളെ താതന്നിടം പൂകാൻ
ശ്രീകരമായങ്ങു കല്പിക്കേണം.'

'നിങ്ങളധർമ്മികൾ, വക്രതയുള്ളവർ
നിങ്ങളോ ആരെന്നറിയില്ല ഞാൻ,
എന്നതിനുത്തരം നൽകിടും സത്വരം
അന്നവരെന്നോടു കേണിടുമ്പോൾ'.

ശ്രദ്ധയോടെന്റെയീ ഭാഷണം കേട്ടവൻ
ബുദ്ധിമാൻ ചൊല്ലിടാം സ്പഷ്ടമായും
പാറമേൽ പത്തനം നിർമ്മിച്ചു ഭദ്രമായ്
പാർത്തിടും ജ്ഞാനിക്കു തുല്യനവൻ.

ഊറ്റമാം കാറ്റുമോ ഘോരമാം മാരിയോ
ചെറ്റുമേയേശ്ക്കില്ലാ, വീടു ഭദ്രം,
മാമക സൂക്തമഗണ്യമായ് തള്ളുവോൻ
ശ്രീമാന്യനല്ലവൻ ബുദ്ധിശൂന്യൻ.

മൺതരിമാമലവക്ഷസ്സിൽ നിർമ്മിച്ച
മന്ദിരശില്പിക്കു തുല്യനവൻ,
ഭീകരമായിടും രൂക്ഷമാം വാതവും
ശക്തമായ്ത്തള്ളുമാ വീടു വീഴും.

സാരമധുരമാ മീഗാനമന്നീശൻ
ചാരുവായാലപിച്ചീ നമുക്കായ്,
ധന്യമായ് ജീവിതം കാഴ്ചവച്ചീശന്റെ
മന്നിടമിങ്ങിഹേ നിർമ്മിക്കുവാൻ.

(ശുഭം)

……………………………………..